Volume: 1, Issue:6

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

മെയ് 17 തിങ്കൾ 2021

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

## കോവിഡ് : അയ്യൻകുന്ന് പഞ്ചായത്തിൽ

# വാർ റൂം സജ്ജം

**ക്രമീകരണങ്ങൾ ഇങ്ങനെ**

- 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ
- അഞ്ചംഗ ഡ്രൈവർമാരുടെ നേതൃത്വത്തിൽ ആംബുലൻസ് സൗകര്യം
- വാർഡ്തല റാപ്പിഡ് റെസ്പോൺസ് ടീമുകൾ

**ഐശ്വര്യ സി ജേക്കബ്**

കോവിഡ് വ്യാപനം കൂടുതലാകുന്ന സാഹചര്യത്തിൽ അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നു. പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേലിന്റെ നേതൃത്വത്തിലുള്ള ടീമാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

24 മണിക്കൂറും പ്രവർത്തിക്കുന്ന വാർറൂം ഹെൽപ്പ് ഡെസ്ക്കുകളും രോഗികളെ ആശുപത്രികളിൽ എത്തിക്കാനായി ആംബുലൻസ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. വാർഡ് മെമ്പറായ സജി മച്ചിത്താനിക്കാണ് വാർ റൂം പ്രവർത്തനങ്ങളുടെ ചുമതല.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മതിയായ ഫണ്ട് ലഭിക്കാത്തതിനാൽ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നാണ് പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്തുന്നത്. "കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നോക്കുമ്പോൾ പൊതുജനങ്ങളുടെ ധനസഹായം കുറവാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രൊജെക്റ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ഉടനെ തന്നെ ലഭിക്കുമെന്നാണ് പ്രതീക്ഷ." കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

വാർഡ് തലത്തിലുള്ള പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനായി വാർഡ് മെമ്പർമാരും ആശ വർക്കർമാരും ആരോഗ്യപ്രവർത്തകരും പോലീസും അടങ്ങുന്ന റാപിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ട്. അതതു വാർഡുകളിലെ മെമ്പർമാർക്കാണ് ടീമിന്റെ ചുമതല.

വാർഡുകളിലെ ക്വാറന്റൈൻ മോണിറ്റർ ചെയ്യുന്നത് ആശ വർക്കർമാരാണ്. കോവിഡ് രോഗികൾ താമസിക്കുന്ന വീടുകളിൽ സാധനങ്ങൾ എത്തിക്കാനും അവരെ ആവശ്യമെങ്കിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകാനും അഞ്ചംഗ ഡ്രൈവർമാരുടെ സംഘവും ആരംഭിച്ചിട്ടുണ്ട്. ബിനീഷ് കെ. പോൾ (കണ്ണൻ), ഷിജു മാത്യു, സജി പി ഫിലിപ്പ്, ജിമ്മി മാത്യു, റെജി ജോർജ് തുടങ്ങിയവരാണ് ഈ സംഘത്തിലുള്ളത്.

"കോവിഡിനെ നേരിടുന്ന ടീമിൽ അംഗമായതിൽ അഭിമാനമുണ്ട്. സുഹൃത്തുക്കളും അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടറും നഴ്സുമാരും ഒക്കെ പ്രോത്സാഹിപ്പിക്കുകയും ധൈര്യം നൽകുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ഭാഗത്തുനിന്ന് രോഗം പകരാതിരിക്കാൻ എല്ലാ സുരക്ഷിത മാർഗങ്ങളും സ്വീകരിക്കുന്നുണ്ട്. പി പി ഇ കിറ്റ് ധരിച്ചും വാഹനങ്ങൾ സാനിറ്റൈസ് ചെയ്തും രോഗം പകരാതെ ശ്രദ്ധിക്കുന്നുണ്ട്." ഡ്രൈവർമാരിൽ ഒരാളായ ബിനീഷ് പറഞ്ഞു.

"റാപിഡ് റെസ്പോൺസ് ടീമിന്റെ നേതൃത്വത്തിൽ ഓരോ വാർഡിലും മികച്ച പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്. ആളുകൾക്ക് ഭക്ഷണം എത്തിച്ചു കൊടുത്തും രോഗികളെ



കോവിഡ് വാർറൂം പ്രവർത്തനങ്ങളെക്കുറിച്ച് പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ സംസാരിക്കുന്നു.

ആശുപത്രിയിൽ എത്തിച്ചും കോവിഡ് പ്രതിരോധ രംഗത്ത് സജീവ സാന്നിധ്യമായി റാപ്പിഡ് റെസ്പോൺസ് ടീമുണ്ട്" വാർഡ് മെമ്പറായ എവൺ ജോസ് പറഞ്ഞു.

"കോവിഡ് രൂക്ഷമായ എടപ്പുഴ, കൊട്ടുകപ്പറ തുടങ്ങിയ സ്ഥലങ്ങളിൽ മാസ്സ് ടെസ്റ്റ് സംഘടിപ്പിച്ചു. ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളിൽ അനൗൺസ്മെന്റ് നടത്തുന്നുണ്ട്". പഞ്ചായത്ത് പ്രസിഡണ്ട് അറിയിച്ചു.




# മഹാമാരിയിലും തളരാത്ത ജാഗ്രത

**അനുശ്രീ കെ.**

നിയന്ത്രണങ്ങൾ ശക്തമായി നടപ്പിലാക്കി ജനങ്ങളെ സുരക്ഷിതരാക്കാൻ ശ്രമിക്കുമ്പോഴും ഏറ്റവും കൂടുതൽ മാനസിക സമ്മർദ്ദം അനുഭവിക്കേണ്ടി വരുന്ന ഒരു വിഭാഗമാണ് പോലീസ് സേന. ജനസുരക്ഷയ്ക്ക് വേണ്ടി അഹോരാത്രം പണിയെടുക്കുന്ന പോലീസ് സേനയുടെ മാനസിക സമ്മർദ്ദം ഏറി വരികയാണ്.

ലോക്ക്ഡൗൺ കാലഘട്ടത്തിൽ പുറത്തിറങ്ങുന്ന ഏതൊരു വ്യക്തിയുടെയും യാത്രയുടെ ഉദ്ദേശ്യം മനസിലാക്കി അനുവാദം നൽകുക, കോവിഡ് രോഗികളെയും ക്വാറന്റീനിൽ ഇരിക്കുന്നവരെയും നിരീക്ഷിക്കുക എന്നിവ പോലീസിന്റെ ചുമതലയായി മാറിയിരിക്കുന്നു. പുലർച്ചെ ആറു മണി മുതൽ വൈകുന്നേരം എട്ടു മണി വരെയാണ് ഓരോ പോലീസ് ഓഫീസർക്കും ജോലി ചെയ്യേണ്ടി വരുന്നത്. അധിക ജോലിഭാരം പലപ്പോഴും ഇവരെ കടുത്ത സമ്മർദ്ദത്തിലാക്കുന്നുണ്ട്.

"പുലർച്ചെ ഡ്യൂട്ടിക്ക് കയറേണ്ടതിനാൽ പലപ്പോഴും വീട്ടിൽ നിന്ന് ഭക്ഷണം കൊണ്ടുപോകാൻ സാധിക്കാറില്ല, കുടിവെള്ളം പോലും കുടിക്കാൻ കഴിയാറില്ല," ആറളം പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറായ തോമസ് ജോസഫ് പറയുന്നു.

കോവിഡ് ജാഗ്രതാ പോർട്ടൽ, ഇ-പാസ്സ് തുടങ്ങിയവ കാര്യക്ഷമമായി പ്രവർത്തിക്കുന്നതുകൊണ്ട് പോലീസുകാരുടെ സമ്മർദ്ദം ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കുന്നുണ്ട്. ഓരോ വാർഡിലും കോവിഡ് ജാഗ്രത സമിതി രൂപീകരിച്ചതിനാൽ അവർ പോലീസുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. വാർഡ് മെമ്പർ, ആശാവർക്കർ, അംഗനവാടി ടീച്ചർ, മറ്റു സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരാണ് ഇതിലെ അംഗങ്ങൾ. "എല്ലാ മേഖലകളിലും രോഗികൾ കൂടി വരുന്ന സാഹചര്യമാണ്. പന്ത്രണ്ട് ആദിവാസി കോളനികളിലായി അൻപതോളം കോവിഡ് കേസുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അവർക്ക് വേണ്ട രീതിയിൽ ബോധവൽക്കരണം നൽകുക എന്നതാണ് ഇപ്പോൾ പോലീസിന് മുൻപിലെ വെല്ലുവിളി. മറ്റു കോവിഡ് രക്ഷാപ്രവർത്തന സേനകൾ ഉണ്ടെങ്കിലും ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നത് പോലീസിനെയാണ്," കരിക്കോട്ടക്കരി എസ്.ഐ. ബെന്നി മാത്യു പറഞ്ഞു.

ഇ-പാസ്സ് ലഭിക്കുന്നവർ വളരെ കുറവായതിനാലും, ജനങ്ങൾ പുറത്തിറങ്ങുന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം പലപ്പോഴും വ്യക്തമാക്കാത്തതിനാലും ഒരു തീരുമാനമെടുക്കുന്നതിൽ പലപ്പോഴും ബുദ്ധിമുട്ട് അനുഭവിക്കാറുണ്ടെന്ന് പോലീസുകാർ പറഞ്ഞു.

ലോക്ക്ഡൗൺ കഴിഞ്ഞ തവണത്തെ അത്ര കർശനമല്ലെങ്കിലും ഭൂരിഭാഗം ജനങ്ങളും, വ്യാപാരി വ്യവസായികളും കോവിഡ് നിയന്ത്രണങ്ങളോടും, പോലീസിന്റെ മുന്നറിയിപ്പുകളോടും നല്ലരീതിയിൽ സഹകരിക്കുന്നു. നിരത്തിൽ ഇറങ്ങുന്ന വാഹനങ്ങളുടെ എണ്ണത്തിലും ഗണ്യമായ കുറവുണ്ട്.



# അങ്ങാടി ഇനി വിളിപ്പാടകലെ

## ഡോർ ഡെലിവറി സംവിധാനമൊരുക്കി വ്യാപാരികൾ

**അമൃത സുരേന്ദ്രൻ**

കോവിഡ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യത്തിൽ അത്യാവശ്യ സാധനങ്ങൾ വീട്ടുപടിക്കൽ എത്തിക്കാൻ ഒരുങ്ങുകയാണ് അങ്ങാടിക്കടവിലെ സൂപ്പർമാർക്കറ്റുകളും പലചരക്ക് കടകളും. പാൽ, പച്ചക്കറി, പലവ്യഞ്ജനം എന്നിങ്ങനെ ഒരു വീട്ടിലേക്ക് ആവശ്യമായതെല്ലാം ഹോം ഡെലിവറി ആയി വീട്ടിലെത്തിക്കുമെന്നതാണ് ഇതിന്റെ സവിശേഷത. എല്ലാം ഡിജിറ്റലായി മാറുന്ന കാലത്ത് ഹോം ഡെലിവറി സംവിധാനം ജനങ്ങൾക്ക് കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുന്നു.

കോവിഡിന്റെ എല്ലാ നിയന്ത്രണങ്ങളും ചട്ടങ്ങളും പാലിച്ചാണ് ഇത്തരം സൂപ്പർമാർക്കറ്റുകൾ സാധനങ്ങൾ വീട്ടിലെത്തിക്കുന്നത്. കൊറോണ ഭീതിയുടെ പശ്ചാത്തലത്തിൽ പണം നേരിട്ട് വാങ്ങാതെ ഓൺലൈനായി പെയ്മെന്റ് നടത്താനും സൗകര്യമുണ്ട്.

അങ്ങാടിക്കടവിന്റെ ഏകദേശം നാലു കിലോമീറ്റർ ചുറ്റളവിൽ സാധനങ്ങൾ എത്തിച്ചു കൊടുക്കാനുള്ള സൗകര്യമാണ് നിലവിലുള്ളത്. ഓരോ തവണയും താപനില, ഡബിൾ മാസ്ക് എന്നിങ്ങനെ സുരക്ഷ മുൻകരുതലുകൾ ഉറപ്പുവരുത്തിയാണ് ഹോം ഡെലിവറി നടത്തി വരുന്നത്. ഉൽപ്പന്നങ്ങൾ ഉത്തരവാദിത്തോടെ വീടിനു മുന്നിൽ എത്തിച്ചു നൽകുമ്പോൾ അധിക തുക ഈടാക്കുന്നില്ല. വൈകുന്നേരം ഏഴ് മണിവരെയാണ് ഈ സേവനം ലഭ്യമാകുന്നത്.

"ജനങ്ങൾ കോവിഡ് ഭീതിയിൽ തുടരുന്നതുകൊണ്ട് തന്നെ കടയിലെത്തി സാധനം വാങ്ങുന്നവരുടെ എണ്ണം വളരെ കുറവാണ്. ഇപ്പോൾ ഡോർ ഡെലിവറി സംവിധാനങ്ങൾ ഉപയോഗിക്കാൻ എല്ലാവരും പഠിച്ചു കഴിഞ്ഞു. ഓൺലൈനായി പണം നൽകുന്നവരും കുറവല്ല. ആവശ്യസാധനങ്ങളുടെ ലിസ്റ്റ് വാട്സ്ആപ്പ് സന്ദേശമായോ ഫോൺ വിളിച്ചോ ഓർഡർ ചെയ്താൽ വീട്ടുപടിക്കൽ എത്തിക്കുന്നുവെന്നതും ഇതിന്റെ സ്വീകാര്യത വർധിപ്പിക്കുന്നു". ചന്ത സൂപ്പർ മാർക്കറ്റ് ജീവനക്കാരൻ ജസ്റ്റിൻ ജോണി പറഞ്ഞു.

"ലോക്ക്ഡൗൺ നീണ്ടുപോകുമ്പോൾ ഡോർ ഡെലിവറി സംവിധാനം കൊണ്ട് ഏറ്റവും പ്രയോജനമുള്ളത് വൃദ്ധരായവർക്കും രോഗികളായവർക്കുമാണ്. സർക്കാർ തന്നെയും ഇത്തരം സംവിധാനങ്ങളെ മുൻകൈയ്യെടുത്ത് പ്രോത്സാഹിക്കുന്നതിന്റെ അടിസ്ഥാന കാരണവും രോഗവ്യാപനത്തിന്റെ തോത് കുറയ്ക്കുകയെന്നതാണ്." ഗ്രേസ് സ്റ്റോർസ് മാനേജർ സണ്ണി ഒറ്റപ്ലാക്കൽ പറഞ്ഞു.

എല്ലാം കണ്ടും കേട്ടും വിലപേശിയും വാങ്ങി പരിചയിച്ച മലയോരത്തെ സാധാരണക്കാർക്ക് അങ്ങാടിയിലെത്താതെ അങ്ങാടി സാധനങ്ങൾ വീട്ടിലേക്കെത്തിക്കുന്ന ഹോം ഡെലിവറി സംവിധാനം ഒരു പുതിയ അനുഭവമാവുകയാണ്.

## എഡിറ്റോറിയൽ

### നിറം നഷ്ടമായ രണ്ട് വേനലവധികൾ

'മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്.' ബാല്യകാലം മുതലേ കുട്ടികൾ സുഹൃത്തുക്കളുമായി കളിക്കുകയും അവരുടേതായ ഒരു ലോകം പടുത്തുയർത്തുകയും ചെയ്യുന്നു. എന്നാൽ കോവിഡ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് നഷ്ടമായത് അവരുടെ രണ്ട് വേനലവധികളാണ്. കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് അവധിക്കാലങ്ങളുടെ പങ്ക് വലുതാണ്.

എന്നാൽ ഇന്ന് ലോക്ഡൗൺ മൂലം കുട്ടികൾ വീട്ടിൽ ഇരിക്കുകയും കളിസ്ഥലങ്ങൾ അവർക്ക് അന്യമാവുകയും ചെയ്യുന്നു. ഇതിനു പരിഹാരമെന്നോണം കുട്ടികളോടൊപ്പം മാതാപിതാക്കളും സഹോദരങ്ങളും കളിക്കാൻ കൂടുകയും നമ്മുടെ മുറ്റവും പറമ്പുമെല്ലാം കളികൾക്കായി ഉപയോഗിക്കുകയും ചെയ്യാം. വീട്ടിലെ മുതിർന്ന കുട്ടികൾ അവർക്ക് അറിവ് പകർന്നു നൽകി പഠന മേഖലയിലേക്ക് കൂട്ടി കൊണ്ടുപോകാം. കുട്ടികളുടെ മാനസിക ആരോഗ്യത്തിന് മുൻതൂക്കം കൊടുത്ത് വീട്ടിലിരുന്ന് കോവിഡിനെ പ്രതിരോധിക്കുമ്പോൾ കുട്ടികളോടൊപ്പം മുതിർന്നവർക്കും ബാല്യത്തിലേക്ക് തിരിച്ചു നടക്കാനാവും.

– എഡിറ്റർ

# നാടിനു മധുരം വിളമ്പി

**മിൻസിയ നസ്റി**

വിശേഷ വേളകളിൽ ഒഴിച്ചു കൂടാനാവാത്ത ഒന്നാണ് മധുരം. ആ മധുരത്തിന്റെ പുതിയ പര്യായമാണ് ഡിൻസിയുടെ 'ഡി കേക്ക്സ്'. 2019 ജനുവരിയിലാണ് ചരൽ സ്വദേശിയായ ഡിൻസി ഷൈബിൻ ആദ്യമായി കേക്കുകൾ നിർമിച്ചു വിൽക്കാൻ ആരംഭിച്ചത്. ഇന്ന് ഡിൻസിയുടെ കേക്കിന് ആരാധകർ ഏറെയാണ്.

വള്ളിത്തോട് ഫാർമേഴ്സ് ബാങ്കിൽ സ്റ്റാഫ് ആയി ജോലി ചെയ്തു വരുന്ന ഡിൻസി ആദ്യമാദ്യം കൗതുകത്തോടെ യൂട്യൂബിൽ നോക്കി കേക്ക് ഉണ്ടാക്കുകയായിരുന്നു. പിന്നീട് പരിചയക്കാരുടെ നിർബന്ധപ്രകാരം അവർക്ക് വേണ്ടി ഉണ്ടാക്കാൻ തുടങ്ങി. ആവശ്യക്കാർ ഏറിയപ്പോൾ പുതിയ കേക്ക് നിർമ്മാണ രീതികളെക്കുറിച്ച് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുത്തു പഠിച്ചു.

പ്രതിദിനം അഞ്ചു മുതൽ എട്ടു വരെ ഓർഡറുകൾ ലഭിക്കുന്നതു കൂടാതെ, വള്ളിത്തോട് ഓർമ്മാസ് ബേക്കറിയിൽ അരക്കിലോ, ഒരു കിലോ കേക്കുകൾ കൊടുക്കുന്നുണ്ട്.



കേക്ക് നിർമാണത്തിലേർപ്പെട്ടിരിക്കുന്ന ഡിൻസി

അഞ്ഞൂറു രൂപ മുതൽ ആയിരം രൂപ വരെയാണ് കേക്കിന് വില. സ്പാനിഷ് ഡിലൈറ്റ് കേക്ക്, ഡ്രൈ ഫ്രൂട്ട്സ് കേക്ക് എന്നിവയാണ് ഉപഭോക്താക്കൾക്ക് ഏറെ പ്രിയം.

ഈ ലോക്ഡൗകാൺകാലത്തും അങ്ങാടിക്കടവിൽ നിന്നും പത്തുകിലോ മീറ്റർ ദൂരം വരെ ഡിൻസി തന്റെ ഇരു ചക്ര വാഹനത്തിൽ ആവശ്യക്കാർക്ക് ഓൺലൈനായി കേക്ക് ഡെലിവറി നടത്തി വരുന്നു. അങ്ങാടിക്കടവിൽ സ്വന്തമായി ഒരു ബേക്കറി തുടങ്ങണമെന്നതാണ് ഡിൻസിയുടെ സ്വപ്നം.

### ഉപചാരങ്ങളും യാത്രാമൊഴികളുമില്ല:

# കൂട്ടായി സമരിറ്റൻ സേന

**വിപിൻ വില്ല്യം**



സമരിറ്റൻ സേനാംഗങ്ങൾ

കോവിഡ് രണ്ടാം തരംഗം അതിരൂക്ഷമായി നമ്മെ വരിഞ്ഞു മുറുക്കുകയാണ്. പ്രതീക്ഷകളസ്തമിക്കുമ്പോൾ, മരണസംഖ്യ പ്രവചനാതീതമാകുമ്പോൾ കോവിഡ് മരണാനന്തര ചടങ്ങുകൾ നടത്താനായി കൂട്ടാകുന്ന ഒരു കൂട്ടരുണ്ട് 'സമരിറ്റൻ സേന'. ഉപചാരങ്ങളോ, അന്ത്യ ചുംബനങ്ങളോ, യാത്രാമൊഴികളോ ഒന്നും നൽകാതെ കുടുംബാംഗങ്ങൾ പോലും ഭയചകിതരായി മാറി നിൽക്കുമ്പോഴും ഈ പ്രദേശത്തെ കോവിഡ് അടക്കുകൾക്കു ചുക്കാൻ പിടിക്കുകയാണ് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സമരിറ്റൻ സേന എന്ന ആറംഗസംഘം.

"കോവിഡ് സംസ്കാരചടങ്ങുകൾ എങ്ങനെ നടത്തണമെന്ന ഒരു ആശയക്കുഴപ്പം ആദ്യം നിലനിന്നിരുന്നു. ആ സമയത്ത് മൃതശരീരങ്ങൾ കത്തിച്ചു കളയുന്ന രീതി ഉണ്ടായിരുന്നു. ഇതേറെ ആശങ്കയും ഭയവും ആളുകളിൽ സൃഷ്ടിച്ചിരുന്നു. അപ്പോഴാണ് ടിഎസ്എസ് സംഘടന കോവിഡാനന്തര ചടങ്ങുകൾക്കായി ഒരു സന്നദ്ധ സേന രൂപീകരിച്ചത്. എങ്ങനെയാണ് സംസ്കാരചടങ്ങുകൾ നടത്തേണ്ടതെന്നും സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ എന്തൊക്കെയാണെന്നും ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ ഓൺലൈനായി ക്ലാസെടുത്തു. മരിച്ചവരുടെ ശരീരത്തിൽ കൊറോണക്ക് അധികനേരം നിലനിൽപ്പില്ലന്നതും, എല്ലാ സുരക്ഷ തയ്യാറെടുപ്പുകളോടെ ആണ് സംസ്കാരത്തിന് തയ്യാറെടുക്കുന്നത് എന്നതും ഉള്ളിലുള്ള ഭീതി കുറച്ചു. ആളുകൾ മുഴുവൻ പേടിച്ചിരിക്കുന്ന സംഘർഷഭരിതമായ ഈ പ്രതിസന്ധിഘട്ടത്തിൽ മുന്നോട്ട് വരേണ്ടത് ആവശ്യമാണെന്ന് തോന്നി. കോവിഡ് മൂലം മരണപ്പെട്ട നിരവധിപേരുടെ മൃത സംസ്കാര ശുശ്രൂഷകൾ അർഹിക്കുന്ന പ്രാധാന്യത്തോടെ നിർവ്വഹിക്കാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്." ഫാ. മാത്യു വലിയപറമ്പിൽ അഭിപ്രായപ്പെട്ടു.

ഉരുപ്പുംകുറ്റി ഇടവക വികാരി ഫാ. മാത്യുവിന്റെ കീഴിൽ പ്രവർത്തിക്കുന്ന സമരിറ്റൻ സേനയിൽ അഞ്ച് അംഗങ്ങൾ കൂടിയുണ്ട്. സനിൽ മാത്യു, റോണിറ്റ് തോമസ്, അതുൽ സെബാസ്റ്റ്യൻ, സിനോജ് മേനാശ്ശേരി, ജെഫ്രിൻ ജോർജ് എന്നിവരാണവർ. ഇതിനോടകം എട്ട് മൃതദേഹങ്ങൾ സംസ്കരിച്ചു.

സംസ്കാര ചടങ്ങുകളിൽ ട്രെയിനിങ് ലഭിച്ച അഞ്ചുപേരിൽ കുറയാത്ത വോളണ്ടിയേഴ്സാണ് ഉണ്ടാവുക. എല്ലാവരും പിപിഇ കിറ്റ് കൃത്യമായി ധരിച്ചിരിക്കും. മൃതദേഹം സംസ്കരിക്കുന്നത് എട്ടടി താഴ്ചയുള്ള കുഴിയിലാണ്. ബ്ലീച്ചിംഗ് പൗഡറും കുമ്മായവും വിതറിയാണ് കുഴി മൂടുക. ഉപയോഗിച്ച സാധനങ്ങളും പിപിഇ കിറ്റും അടക്കം നശിപ്പിച്ചുകളയും. ഹൈപോ ക്ലോറൈഡ് സൊലൂഷൻ ഉപയോഗിച്ച് കല്ലറയ്ക്ക് ചുറ്റുമുള്ള പരിസരവും പണിയായുധങ്ങളും അണുവിമുക്തമാക്കും. അങ്ങനെ തികഞ്ഞ സുരക്ഷാക്രമീകരണം ഒരുക്കിയാണ് ഓരോ മൃതസംസ്കാര ചടങ്ങും നടത്തുന്നത്.

"പിപിഇ കിറ്റിൽ പലപ്പോഴും മണിക്കൂറുകളോളം നിൽക്കേണ്ടി വരും. വല്ലാത്ത ചൂടും അസ്വസ്ഥതയുമായിരിക്കും. എങ്കിലും സമരിറ്റൻ സേനയിൽ അംഗമായതിൽ സന്തോഷമുണ്ട്," ജെഫ്രിൻ ജോർജ് പറഞ്ഞു.

"കോവിഡ് അടക്കിന് ആരും മുന്നിട്ടിറങ്ങി വരാത്ത സാഹചര്യമായിരുന്നു. ആരുമില്ലെന്ന് കണ്ടപ്പോൾ ഇറങ്ങിച്ചെന്നു പ്രവർത്തിച്ചു. തികഞ്ഞ സുരക്ഷയോടെയാണ് എല്ലാ കാര്യങ്ങളും ചെയ്യുന്നത്. ഇങ്ങനെയുള്ള അവസ്ഥയിൽ ധൈര്യമാണ് ആവശ്യം. പേടിക്കാതെ മുന്നോട്ടിറങ്ങുക. കൂടുതലാളുകൾ ഇതിന് തയ്യാറായി വരുമെന്ന് പ്രതീക്ഷിക്കുന്നു," റോണിറ്റ് തോമസ് പറഞ്ഞു.

രണ്ടാം തരംഗം കൂടുതൽ ശക്തമാകുമ്പോഴും കോവിഡ് പ്രതിരോധ പ്രവർത്തന മേഖലകളിൽ സേവനം മാത്രം മുന്നിൽ കണ്ടു പ്രവർത്തിക്കുന്ന ഇവർ നാടിന് മാതൃകയാണ്. ഒന്നും പ്രതീക്ഷിക്കാതെ, ആപത്ഘട്ടത്തിൽ തുണയാകാനുള്ള ഇവരുടെ വലിയ മനസ്സിന് ഒരു നിറഞ്ഞ കൈയ്യടി.

### വർണങ്ങളില്ലാത്ത

# നേഴ്സറിക്കാലം

**കൗതുകം നിറഞ്ഞ കണ്ണുകളോടെ അക്ഷരങ്ങളെ തേടുന്ന ബാല്യകാലം മുഴുവൻ വീടിനകത്ത് അടച്ചിടപെട്ട കുട്ടികളെക്കുറിച്ചുള്ള കരുതൽ സർക്കാരിനും സമൂഹത്തിനും ആവശ്യമാണ്.**

**ജോബിൻ ജേക്കബ്**

യൂണിഫോമും വാട്ടർബോട്ടിലും വർണ്ണ കുടയുമായി അമ്മയുടെ കൈവിടാതെ ചിണുങ്ങിക്കരഞ്ഞെത്തുന്ന ബാല്യം, കൈനിറയെ മിഠായിയും വർണ്ണ ബലൂണുകളും കിട്ടുമ്പോൾ കരച്ചിൽ നിർത്തി പതിയെ കൂട്ടുകൂടുന്ന കുട്ടിത്തം, കോവിഡ് മൂലം അധ്യായന വർഷത്തിൽ കാണാതെ പോകുന്ന കാഴ്ചകളാണിത്.

അക്ഷരമാലകൾ താളത്തിൽ ചൊല്ലിച്ചും, കൈപിടിച്ച് അക്ഷരമെഴുതിച്ചും, ആംഗ്യപാട്ടുകളിലൂടെ പാഠം പഠിപ്പിച്ചും ആരംഭിക്കുന്ന നേഴ്സറി കാലഘട്ടത്തെ ഏത് ഓൺലൈൻ ക്ലാസ്സ് കൊണ്ട് പകരംവയ്ക്കനാകും? വ്യക്തിപരമായ ശ്രദ്ധയും കരുതലും ആവശ്യമുള്ള കാലഘട്ടമാണിത്. നിറങ്ങളും രൂപങ്ങളും അക്ഷരങ്ങളും ചിന്തയിൽ അടയാളപ്പെടുത്തുന്ന പ്രായമാണിത്. ജനിച്ചുവളർന്ന വീട്ടുമുറ്റത്തിനപ്പുറമുള്ള ആളുകളുമായി സൗഹൃദം സ്ഥാപിക്കുന്ന കാലം. മനുഷ്യന്റെ വളർച്ചയിൽ നിർണായകമായ അടിസ്ഥാന വിവരങ്ങളെ ജീവിതത്തോട് ചേർത്ത് മനസ്സിലാക്കാൻ തുടങ്ങുന്ന സമയം. പക്ഷേ കോവിഡ് കാലത്ത് സുരക്ഷയെ മുൻനിർത്തി സർക്കാർ പ്രതിരോധത്തിന് വഴി കണ്ടെത്തിയപ്പോൾ ഏറ്റവും കൂടുതൽ അവഗണിക്കപ്പെട്ടത് ഈക്കൂട്ടരാണ്.

"ഒരു വർഷത്തിലധികമായി നേഴ്സറി സ്കൂളുകൾ അടഞ്ഞുകിടക്കുകയാണ്. ആദ്യത്തെ രണ്ട് മൂന്ന് മാസങ്ങളിൽ കുട്ടികൾ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുകയും നോട്ടെഴുതി അയച്ചു തരുകയും ചെയ്യാറുണ്ടായിരുന്നു. പരീക്ഷകളും കൃത്യമായി എഴുതിയിരുന്നു. ആദ്യമൊക്കെ പല മാതാപിതാക്കളും കുട്ടികളുടെ പഠനത്തിൽ എങ്ങനെ ശ്രദ്ധിക്കണമെന്ന് വിളിച്ച് സംസാരിക്കാറുണ്ടായിരുന്നു. പിന്നീട് അവർക്ക് കുട്ടികളുടെ പഠനത്തിൽ തുടർച്ചയായി ശ്രദ്ധിക്കാൻ കഴിയാതെ വന്നു. ലോക്ക്ഡൗൺ അനന്തമായി നീണ്ടുപോകുന്നത് അവരുടെ അടിസ്ഥാനത്തെ സാരമായി ബാധിക്കും. പ്രത്യേകിച്ച് ജോലിത്തിരക്കുകൾ കൊണ്ട് കുട്ടികളോടൊപ്പം സമയം ചെലവഴിക്കാനാവാത്ത മാതാപിതാക്കളുടെ കാര്യത്തിൽ." അങ്ങാടിക്കടവ് സാന്തോം നേഴ്സറി സ്കൂൾ അധ്യാപിക സിസ്റ്റർ നീന സി.എം.സി. പറഞ്ഞു.

"ജോലിക്ക് പോകുന്ന മാതാപിതാക്കൾക്ക് കുഞ്ഞു കുട്ടികളുടെ പഠനകാര്യത്തിൽ പൂർണമായും ശ്രദ്ധിക്കാൻ കഴിയുന്നില്ലെന്നത് യാഥാർഥ്യമാണ്. നേഴ്സറി പാട്ടുകളും കളികളും വഴി പാഠം പഠിക്കുന്ന രീതിയാണ് അവർക്കെളുപ്പത്തിൽ മനസിലാവുക. മറ്റ് കുട്ടികളോടുള്ള സൗഹൃദവും അതിനവരെ സഹായിക്കും. നേഴ്സറി കുട്ടികളുടെ കാര്യത്തിൽ ഓൺലൈൻ പഠനം അനുയോജ്യമല്ല" ക്രിസ് ആന്റണിയെന്ന നേഴ്സറി കുട്ടിയുടെ അമ്മയായ നിഷ പ്രവീൺ പറഞ്ഞു.

കൗതുകം നിറഞ്ഞ കണ്ണുകളോടെ അക്ഷരങ്ങളെ തേടുന്ന ബാല്യകാലം മുഴുവൻ വീടിനകത്ത് ഇങ്ങനെ അടച്ചിടപ്പെട്ട കുട്ടികളെക്കുറിച്ചുള്ള കരുതൽ സർക്കാരിനും സമൂഹത്തിനും ആവശ്യമാണ്. ഒരുനിമിഷം ചിരിക്കുകയും അടുത്ത നിമിഷം കരയും മൂന്നാമത്തെ നിമിഷം പുഞ്ചിരിച്ചുകൊണ്ട് കെട്ടിപ്പിടിക്കുകയും ചെയ്യുന്ന ബാല്യകാലത്തിന്റെ സുവർണ്ണനിമിഷങ്ങളാണ് കോവിഡിന്റെ ഈ ഓൺലൈൻ കാലത്ത് നിറം കെട്ടുപോകുന്നത്.

> **ഒരു വർഷത്തിലധികമായി നേഴ്സറി സ്കൂളുകൾ അടഞ്ഞുകിടക്കുകയാണ്. ലോക്ക്ഡൗൺ അനന്തമായി നീണ്ടുപോകുന്നത് അവരുടെ അടിസ്ഥാനത്തെ സാരമായി ബാധിക്കും.**
> **– സി. നീന സി.എം.സി.**

> **നേഴ്സറി പാട്ടുകളും കളികളും വഴി പാഠം പഠിക്കുന്ന രീതിയാണ് അവർക്കെളുപ്പത്തിൽ മനസിലാവുക. മറ്റ് കുട്ടികളോടുള്ള സൗഹൃദവും അതിനവരെ സഹായിക്കും. നേഴ്സറി കുട്ടികളുടെ കാര്യത്തിൽ ഓൺലൈൻ പഠനം അനുയോജ്യമല്ല"**
> **– നിഷ പ്രവീൺ**



എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവീൺ പി. എഫ് |എഡിറ്റർ ഇൻ ചാർജ്: ഐശ്വര്യ സി. ജേക്കബ് | സബ് എഡിറ്റേഴ്സ്: വിപിൻ വില്ല്യം, മിൻസിയ നസ്രി, അമൃത സുരേന്ദ്രൻ, അഡാസിയോ ജോവാക്കിം, അനുശ്രീ കെ |ഫോട്ടോഗ്രാഫേഴ്സ് : അഡാസിയോ, വിപിൻ വില്ല്യം, ജോബിൻ ജേക്കബ് | ഡിസൈനർ: ബിവാൾഡിൻ,ജോബിൻ ജേക്കബ്